# ഈ വനരോദനം ശ്രദ്ധിക്കപ്പെടുമോ?

കുരങ്ങന്മാരെ സംരക്ഷിക്കാൻ ഒരു ജലവൈദ്യുത പദ്ധതി നിർത്തലാക്കുന്നതിന്റെ അപഹാസ്യതയെ ചോദ്യംചെയ്യുന്ന രാഷ്ട്രീയ ധുരന്ധരന്മാർക്കും മറ്റുള്ളവർക്കും സാമാന്യ ജ്ഞാനം ഉണ്ടാക്കാൻ ഈ ലേഖനം ഉപകരിച്ചേക്കും.

നമ്മുടെ നാടിന്റെ ഭാഗധേയമെടുത്തമ്മാനമാടുന്ന രാഷ്ട്രീയ കളിക്കോഴികൾക്കുണ്ടോ പാരിസ്ഥിതിക സമതുലനമെന്ന മകര സംക്രാന്തി? അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ അംശം എത്രത്തോളമുണ്ടെന്നും അതെങ്ങനെ നിലനില്ക്കുന്നുവെന്നും ചോദിച്ചുനോക്കൂ. അപ്പോൾ കാണാം അവരുടെ സാമാന്യ അജ്ഞാനത്തിന്റെ പൂച്ച പുറത്തുചാടുന്നത്. എങ്കിലും പ്രബുദ്ധരായ കേരള ജനത പ്രൊ: പ്രസാദിന്റെ വനരോദനം ശ്രദ്ധിക്കാതിരിക്കുമോ?

ചില നാടുകളിൽ ബിരുദം നേടുന്നതിനും വിവാഹ സർട്ടിഫിക്കറ്റുകൾ സമ്പാദിക്കുന്നതിനും ഓരോ വൃക്ഷങ്ങളെങ്കിലും നട്ടുപിടിപ്പിച്ചിരിക്കണമെന്ന് നിയമമുണ്ട്. വടക്കെ ഇന്ത്യയിലെവിടേയോ വനം നശിപ്പിക്കാൻ ചെന്ന അധികാരികളെ വിവരമില്ലാത്ത നാട്ടുകാർ ഞങ്ങളെ കൊന്നിട്ടുമതി മരം വെട്ടാനെന്നു പറഞ്ഞു പിന്തിരിപ്പിച്ചുവത്രെ. കാരണം നാട്ടുകാർക്ക് അതൊരു നിലനില്പിന്റെ പ്രശ്നമായിരുന്നു.

ഇവിടേയും പ്രശ്നം വിഭിന്നമല്ല. നാടിനും നാട്ടുകാർക്കും വന്യ വിഭവ സംരക്ഷണമാണു പ്രശ്നമെങ്കിൽ മന്ത്രിമാർക്ക് അവരുടെ സ്ഥാനമാനങ്ങളുടെ നിലനില്പാണ്. ഇതിലേതാണ് പ്രധാനമെന്ന് നിശ്ചയിക്കേണ്ടത് പൊതുജനമാണ്.

—എൻ. വി. നമ്പൂതിരിപ്പാട്,
താമ്പരം, മദിരാശി